**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5789** **16-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് '108' ആംബുലൻസ് നടത്തുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് '108' ആംബുലൻസ് നടത്തുന്ന സേവനങ്ങൾ വിലയിരുത്താറുണ്ടോ; വ്യക്തമാക്കുമോ; | (എ) | വിലയിരുത്താറുണ്ട്.<br><br>സംസ്ഥാനത്ത് ആഗ്രഗേറ്റർ മോഡൽ ആംബുലൻസ് സർവീസ് നടത്തുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ മുഖേന GVK-EMRI എന്ന കമ്പനിക്ക് ടെൻഡർ നൽകുകയും പ്രസ്തുത കമ്പനി ടെൻഡർ വ്യവസ്ഥകൾക്കനുസൃതമായി സർവീസ് നടത്തി വരുന്നു. ആംബുലൻസുകളുടെ സേവനം ആവശ്യപ്പെട്ട് 108 എന്ന ടോൾഫ്രീ നമ്പറിലേക്ക് വിളിച്ചാൽ നഗരപ്രദേശങ്ങളിൽ 15 മിനിറ്റുകൾക്ക് ഉള്ളിലും ദുർഘട പ്രദേശങ്ങളിൽ (വയനാട്, ഇടുക്കി ജില്ലകൾ) 30 മിനിറ്റുകൾക്ക് ഉള്ളിലും ഗ്രാമപ്രദേശങ്ങളിൽ 20 മിനിറ്റുകൾക്ക് ഉള്ളിലും സേവനം നൽകണം. ഇത്തരത്തിൽ സേവനം നൽകിയില്ലെങ്കിൽ 80% സാഹചര്യങ്ങളിലും പ്രസ്തുത കമ്പനി പിഴ ഒടുക്കേണ്ടതാണ്. ഒരു വാഹനം പ്രവർത്തനക്ഷമം അല്ലെങ്കിൽ പകരം മറ്റൊരു വാഹനം ഏർപ്പാടാക്കേണ്ടതുണ്ട്. പ്രവർത്തനക്ഷമം അല്ലാത്ത വാഹനങ്ങൾ ഏതൊരു ദിവസവും ഒരു മണിക്കൂറിൽ കൂടുതൽ സർവീസ് മുടക്കുകയാണെങ്കിൽ അതിന് പിഴ ഒടുക്കേണ്ടതുണ്ട്. ഇത്തരത്തിൽ വളരെ കണിശമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഉള്ള ഒരു സർവീസ് ആണ് കനിവ്-108 ആംബുലൻസ് സർവീസ്. എല്ലാ ആംബുലൻസുകളും ജി.പി.എസ് സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്നതാണ്. ഈ വാഹനങ്ങൾക്ക് എപ്പോൾ കോളുകൾ വന്നു, എപ്പോൾ വാഹനം സ്റ്റാർട്ട് ചെയ്തു, എപ്പോൾ സേവനം ആവശ്യപ്പെട്ട സ്ഥലത്ത് എത്തി, എപ്പോൾ ആശുപത്രിയിൽ എത്തി, എപ്പോൾ തിരിച്ച് എത്തി എന്നിവ സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തുകയും അത് തൽസമയം കേരള മെഡിക്കൽ സർവീസസ് കോർപറേഷനിലെ മിറർ സർവറിൽ |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കൺട്രോൾ റൂമിലേക്ക് വരുന്ന എല്ലാ കോളുകളും അവിടെ റെക്കോർഡ് ചെയ്ത് സൂക്ഷിച്ചുവരുന്നു. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന 24- മണിക്കൂർ സേവനം നടത്തുന്ന 150 വാഹനങ്ങളും 12-മണിക്കൂർ സേവനം നടത്തുന്ന 165 വാഹനങ്ങളുമാണ് കനിവ് 108 വാഹനവ്യൂഹത്തിൽ ഉള്ളത്. പ്രസ്തുത വാഹനങ്ങൾ ഒരു രോഗിക്ക് ഉള്ള സേവനം പൂർത്തിയാക്കിയാൽ തൽക്ഷണം തന്നെ അതിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽ ഉള്ള മിറർ ഡാറ്റ ബേസിൽ ലഭ്യമാണ്. എല്ലാ ദിവസവും വിവരങ്ങൾ കോർപറേഷൻ പരിശോധിക്കുകയും ഏതെല്ലാം വാഹനങ്ങൾ പ്രവർത്തനരഹിതം ആയിരുന്നു എന്നും മറ്റും ഉള്ള വിവരങ്ങൾ സോഫ്റ്റ്‌വെയറിലേക്ക് അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും പ്രസ്തുത സർവീസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനായി ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജില്ലാതല സമിതികൾ പ്രവർത്തിച്ചുവരുന്നു. ജില്ലാതല സമിതികൾ കൂടുമ്പോൾ അതാത് ജില്ലയിലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ജില്ലയിലേക്ക് വേണ്ടുന്ന തീരുമാനങ്ങൾ സമിതി കൈക്കൊള്ളുകയും ചെയ്യുന്നു. ഇത് കൂടാതെ ആരോഗ്യവകുപ്പ് സെക്രട്ടറി അധ്യക്ഷനായയുള്ള ഒരു സംസ്ഥാന സമിതിയും നിലവിലുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ത്രൈമാസം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ സർക്കാരിലേക്ക് കൈമാറി വരുന്നു. |
| (ബി) | മലപ്പുറം ജില്ലയിൽ '108' ആംബുലൻസ് ജീവനക്കാരുടെ സമയോചിതമായ ഇടപെടൽ മൂലം അർദ്ധരാത്രിയിൽ യുവതിയെ അപകടനില തരണം ചെയ്ത് കൃത്യ സമയത്ത് ആശുപത്രിയിൽ എത്തിച്ചതും സുഖ പ്രസവം നടന്നതും സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>20 മെയ് 2021 മുതൽ 9 മാർച്ച് 2023 വരെ ഇത്തരത്തിലുള്ള 11,985 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 1369 പേർ മലപ്പുറം ജില്ലയിൽ നിന്നാണ്. സംസ്ഥാനത്ത് ഇതുവരെ ആകെ 75 പ്രസവ കേസുകളാണ് എടുത്തിട്ടുള്ളത് അതിൽ നാലെണ്ണം മലപ്പുറം ജില്ലയിൽ നിന്നാണ്. |
| (സി) | ഇത്തരത്തിൽപ്പെട്ട എത്ര സംഭവങ്ങൾ ഈ സർക്കാർ വന്നതിന് ശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര എണ്ണം മലപ്പുറം ജില്ലയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>20 മെയ് 2021 മുതൽ 9 മാർച്ച് 2023 വരെ ഇത്തരത്തിലുള്ള 11,985 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 1369 പേർ മലപ്പുറം ജില്ലയിൽ നിന്നാണ്. സംസ്ഥാനത്ത് ഇതുവരെ ആകെ 75 പ്രസവ കേസുകളാണ് എടുത്തിട്ടുള്ളത് അതിൽ നാലെണ്ണം മലപ്പുറം ജില്ലയിൽ നിന്നാണ്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | അപകടത്തിലും അത്യാഹിതത്തിലും സ്വന്തം ജീവൻപോലും അവഗണിച്ച് രാത്രിയെന്നോ പകലെന്നോ നോക്കാതെ സേവനം നടത്തുന്ന '108' ആംബുലൻസ് ജീവനക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സർക്കാർ പ്രത്യേക പരിഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ